# കേരള സർവകലാശാല

നം.പി.ആർ.73/2019

ഫോൺ: 2305738
9446173605

## പത്രക്കുറിപ്പ്

### ടൈംടേബിൾ

2019 ഏപ്രിൽ 29 ന് ആരംഭിക്കുന്ന മൂന്നാം വർഷ ബി.ബി.എ (ആന്വൽ സ്കീം - പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷയുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷ മാറ്റി

ലക്ഷദ്വീപ് ലോക്സഭാ ഇലക്ഷൻ പ്രമാണിച്ച് ഏപ്രിൽ 11 ന് നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റിവെച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

### പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ എം.സി.എ (2015 സ്കീം) പ്രാക്ടിക്കൽ 2019 ഏപ്രിൽ 8 മുതൽ ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### സമ്പർക്ക ക്ലാസ്

വിദൂര വിദ്യാഭ്യാസ വിഭാഗം പാളയം സെനറ്റ് ഹൗസ് ക്യാമ്പസിൽ നടത്തുന്ന എം.എ പബ്ലിക് അഡ്മിനിസ്ട്രേഷന് ഏപ്രിൽ 6 ന് ക്ലാസ് ഉണ്ടായിരിക്കുന്നതല്ല.

കാര്യവട്ടം ക്യാമ്പസിലെ ബി.കോം സമ്പർക്ക ക്ലാസുകൾ താൽക്കാലികമായി നിർത്തിവെച്ചി രിക്കുന്നു. കാര്യവട്ടത്തു നടത്തി വരുന്ന മറ്റു ക്ലാസുകൾ മാറ്റമില്ലാതെ മുൻ നിശ്ചയിച്ച പ്രകാരം നടത്തുന്നതാണ്.

### പരീക്ഷാഫലം

2018 നവംബറിൽ നടത്തിയ നാലാം സെമസ്റ്റർ എൽ.എൽ.എം ഡിഗ്രി പരീക്ഷക ളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ഏപ്രിൽ 22 ന് മുൻപായി സർവകലാശാലയിൽ സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 ഏപ്രിൽ 2,3 തീയതികളിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എഡ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരം വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

2019 മേയിൽ ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എൽ.എൽ.എം, എം.ബി.എൽ രണ്ട്, നാല്, ആറ് സെമസ്റ്ററുകളുടെ പരീക്ഷകൾക്ക് പിഴ കൂടാതെ ഏപ്രിൽ 10 വരെയും 50 രൂപ പിഴയോടെ ഏപ്രിൽ 12 വരെയും 125 രൂപ പിഴയോടെ ഏപ്രിൽ 17 വരെയും നേരിട്ട് അപേക്ഷിക്കേണ്ടതാണ്.

## കെ മാറ്റ് കേരള പരീക്ഷ ജൂൺ 16 ന്

എം.ബി.എ പ്രവേശനത്തിനായുളള കെ-മാറ്റ് കേരള 2019 പരീക്ഷയ്ക്ക് മാർച്ച് 5 വൈകിട്ട് 5 മണി മുതൽ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 31.05.2019 വൈകിട്ട് 4 മണി വരെ. പരീക്ഷ ജൂൺ 16 ന് നടത്തുന്നതാണ്. ജനറൽ വിഭാഗത്തിന് 1000 രൂപയും എസ്.സി/എസ്.റ്റി വിഭാഗത്തിന് 750 രൂപയുമാണ് ഫീസ്. അവസാന വർഷ ബിരുദ വിദ്യാർത്ഥികൾക്കും പരീക്ഷാഫലം പ്രതീക്ഷിക്കുന്നവർക്കും കെമാറ്റ് കേരള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്. www.kmatkerala.in എന്ന വെബ്സൈറ്റ് വഴിയും 0471 – 2335133, 8547255133 എന്ന നമ്പറുകൾ വഴിയും വിശദവിവരങ്ങൾ ലഭ്യമാണ്.

തിരുവനന്തപുരം,
05-04-2019

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098